**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 532** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കോഴിക്കോട് - ലഹരി നിർമാർജ്ജന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് നഗരത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കോഴിക്കോട് നഗരത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വനിതാശിശുക്ഷേമ വകുപ്പ്, ലീഗൽ സർവ്വീസസ് അതോറിറ്റി, സാമൂഹ്യക്ഷേമ വകുപ്പ്, പോലീസ്, ജയിൽ വകുപ്പ്, ആരോഗ്യവകുപ്പ്, ഗതാഗത വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളുമായും റസിഡൻസ് അസോസിയേഷൻ, വായനശാലകൾ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ എന്നിവയുമായി ചേർന്നും ബോധവക്കരണ ക്ലാസുകളും, അനുബന്ധ പരിപാടികളും നടത്തിയിരുന്നു. പുകയില വിരുദ്ധ ദിനം, അന്താരാഷ്ട്ര മയക്കമരുന്ന് വിരുദ്ധ ദിനം, പരിസ്ഥിതി ദിനം, എയ്ഡ്സ് ദിനം, മനുഷ്യാവാകാശ ദിനം തുടങ്ങിയ വിശേഷ ദിവസങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ആളുകൾ ധാരാളമായി പങ്കെടുക്കുന്ന മേളകളിൽ കോഴിക്കോട് നഗരത്തിൽ ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിച്ചിരുന്നു. പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിക്കെതിരെ മാരത്തോൺ, അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സൈക്കിൾ റാലി എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. നഗരത്തിലെ അതിഥി തൊഴിലാളികൾ, തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളികൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾ എന്നിവർക്കായി വിവിധ ബോധവൽക്കരണ പരിപാടികളും മത്സ്യത്തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകളും സൗജന്യ പി.എസ്.സി പരിശീലനവും നടത്തിയിട്ടുണ്ട്.

**(ബി)** വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം തടയുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; അറിയിക്കാമോ;

**<u>മറുപടി:</u>** വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതിനായി വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. വിമുക്തി മിഷൻ മുഖേന വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും, അദ്ധ്യാപകർക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. കേളേജുകളിൽ നേർക്കൂട്ടം, ഹോസ്റ്റലുകളിൽ ശ്രദ്ധ എന്ന പേരിൽ കമ്മിറ്റികൾ രൂപീകരിച്ച് ബോധവൽക്കരണം നടത്തി വരുന്നു.

<u>ബാല്യം അമൂല്യം പദ്ധതി</u>

ലഹരി വസ്തുക്കളുടെ സ്വാധീനത്തിൽ പെടാതിരിക്കാൻ ശരിയായ കാര്യങ്ങൾ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനായി ചെറിയ പ്രായം മുതൽ തന്നെ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പ്രൈമറിതലത്തിൽ കുട്ടികളെയും, രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി "ബാല്യം അമൂല്യം" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

ലഹരിക്കെതിരെ ഒരു ചുമർ ചിത്രരചന മത്സരം

വിമുക്തി മിഷന്റെ ഭാഗമായി സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ ലഹരിക്കെതിരെ ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നതിന് പാതയോരങ്ങളിലുള്ള സ്കൂളുകളുടെയും കോളേജുകളുടെയും മതിലിൽ ലഹരിക്കെതിരെ സന്ദേശം ഉൾക്കൊള്ളുന്ന ചുമർ ചിത്രം രചനാമത്സരം "ലഹരിക്കെതിരെ ഒരു ചുമർ " എന്ന പേരിൽ ഒരു പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

ലഹരിക്കെതിരെ കായിക ലഹരി

കുട്ടികൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ പ്രധാനമാണ് കായിക വിദ്യാഭ്യാസം. കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള വ്യായാമപദ്ധതികൾ കായിക കലാ മത്സര പരിശീലനങ്ങൾ വഴി കുട്ടികൾക്ക് ആരോഗ്യമുള്ള ശരീരത്തെയും അതുവഴി മാനസിക ആരോഗ്യവും പ്രദാനം ചെയ്യുന്നതിനായി സ്കൂളുകളിൽ കായിക/ വ്യായാമ പഠനം നടത്തുന്നതിന് കായിക ഉപകരണങ്ങൾ, വ്യായാമത്തിനുള്ള ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്. പ്രാരംഭഘട്ടത്തിൽ ജില്ലയിലെ തിരഞ്ഞെടുത്ത 10 പ്രൈമറി സ്കൂളുകളിൽ കായികോപകരണങ്ങൾ അനുവദിക്കുകയും 36 സ്കൂളുകളിൽ ആന്റി നാർകോട്ടിക് ക്ലബ്ബുകളിൽ കായിക ടീമുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

പഠനം കഴിഞ്ഞുള്ള ഒഴിവു വേളകൾ ഫലപ്രദമായി വിനിയോഗിക്കാനും ലഹരി ഉൾപ്പെടെയുള്ള പ്രതികൂല ഘടകങ്ങളെ അകറ്റി നിർത്താനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ ജില്ലയിലെ സ്കൂളുകളിൽ രൂപീകരിച്ച ടീം വിമുക്തി എന്ന സ്പോർട്സ് ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് "ടീം വിമുക്തി - The Challenge Accepted 23" എന്ന പേരിൽ ഒരു സ്പോർട്സ് മീറ്റ് സ്കൂൾ ലഹരിവിരുദ്ധ ക്ലബുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ 4 സർക്കിൾ പരിധിയിലെ വിദ്യാർത്ഥികൾക്കിടയിൽ ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ എന്നീ ഇനങ്ങളിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ആയതിന് വകുപ്പിൽ നിന്നും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

വിമുക്തി മിഷന്റെ ഭാഗമായി ലഹരിയിൽ നിന്നും വിദ്യാർത്ഥികളെ അകറ്റിനിർത്തുന്നതിനും കായിക ലഹരിയിലേക്ക് ആകർഷിക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ ഉണർവ്വ് പദ്ധതി നടപ്പിലാക്കി വരുന്നു.

**(സി)** വിമുക്തി മിഷന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** വിമുക്തി മിഷന്റെ ഭാഗമായി ജില്ലയിൽ ബീച്ച് ഹോസ്പിറ്റലിനോട് ചേർന്ന് വിമുക്തി ഡീ -അഡിക്ഷൻ സെന്ററും, കുട്ടികൾക്കും അമ്മമാർക്കും പ്രത്യേകം വാർഡും പുതിയറയിൽ ഒരു വിമുക്തി കൗൺസലിംഗ് സെന്ററും പ്രവർത്തിച്ചു വരുന്നു. ലഹരിയുടെ ഉപയോഗം കണ്ടെത്തിയ വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് നൽകുകയും, ചികിത്സ ആവശ്യമുള്ള പക്ഷം ഡീ-അഡിക്ഷൻ സെന്ററിൽ നിന്നും ചികിത്സ ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

വിദ്യാലയങ്ങളിൽ പ്രധാന അധ്യാപകൻ, പി.ടി.എ, മറ്റു സന്നദ്ധ സംഘടനകൾ, മറ്റു വകുപ്പുകൾ, വ്യാപാരി വ്യവസായ സമിതി അംഗങ്ങൾ, ഓട്ടോ-ടാക്സി സംഘടനകൾ എന്നിവയുടെ

സഹകരണത്തോടെ സ്കൂൾ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ശിശുദിനത്തോടനുബന്ധിച്ച് അപ്പർ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കായി ‘എന്റെ സ്വപ്നം’ എന്ന പേരിൽ പോസ്റ്റർ രചനാ മത്സരം, സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഹയർ സെക്കണ്ടറി വിഭാഗം വിദ്യാർത്ഥികൾക്കായി ദേശഭക്തി ഗാന മത്സരം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

കോളേജുകളിൽ നേർക്കൂട്ടം, ഹോസ്റ്റലുകളിൽ ശ്രദ്ധ കമ്മിറ്റികൾ കൂടുകയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകളും, മറ്റ് ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി കുട്ടികൾക്കിടയിലെ 'സംവദിക്കാം ലഹരിക്കെതിരെ' എന്ന പേരിൽ ഡിബേറ്റ് മത്സരം, ക്രിക്കറ്റ് മത്സരം, റിപ്പബ്ലിക് ദിനത്തിൽ എൻ.എസ്.എസ് യൂണിറ്റിന്റെ സഹകരണത്തോടെ ജില്ലാതല ലഹരി വിരുദ്ധ റാലി, 2025 ഡിസംബർ 1 അന്താരാഷ്ട്ര എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് കോളേജ് വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസ്സ്, ശ്രദ്ധ/നേർക്കൂട്ടം കമ്മിറ്റികളുടെ സഹകരണത്തോടെ 'നീതി സാരം' എന്ന പേരിൽ ജില്ലാ തലത്തിൽ നിയമസാക്ഷരതാ ക്വിസ് മത്സരം, 2026 ജനുവരി 12 ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് കോളേജ് വിദ്യാർത്ഥികൾക്കായി യുവതയ്ക്കൊപ്പം എന്ന പേരിൽ ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചിട്ടുള്ളതുമാണ്.

പൊതുജനങ്ങൾക്കിടയിൽ ലഹരിയുടെ വിപത്തിനെകുറിച്ച് അവബോധം നൽകുന്നതിനും, കുറ്റകൃത്യങ്ങൾ കാണുന്ന പക്ഷം എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ജനകീയ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കായി ലഹരിക്കെതിരെ നിയോജകമണ്ഡല തലത്തിൽ നിയമസഭാ സാമാജികരുടെ നേതൃത്വത്തിൽ കമ്യൂണിറ്റി ഔട്ട് റീച്ച് പ്രോഗ്രാം, റസിഡൻസ് അസോസിയേഷനുകളുമായി സഹകരിച്ച് 9 റെയിഞ്ചുകളുടെ പരിധിയിലും ലഹരിക്കെതിരെ ജാഗ്രതാ സംഗമം, ലഹരിക്കെതിരെ വാക്കത്തോൺ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. താമരശ്ശേരി എക്സൈസ് സർക്കിൾ പരിധിയിൽ വെച്ച് എസ്.സി/ എസ്.ടി മേഖലയിലെ യുവതീയുവാക്കൾക്കും കോഴിക്കോട് തീരദേശമേഖലയിലെ 50 യുവതീയുവാക്കൾക്കും സൗജന്യ പി.എസ്.സി പരിശീലനം, ഒൻപത് റെയിഞ്ച് പരിധിയിലെയും അതിഥിതൊഴിലാളികൾക്കായി തൊഴിൽ വകുപ്പുമായി സഹകരിച്ച് ‘അവബോധ’ എന്ന പേരിൽ അവരുടെ ഭാഷയിൽ ഭാഷാ വിദഗ്ധനെ പങ്കെടുപ്പിച്ച് ബോധവൽക്കരണ ക്ലാസ്സ്, മനുഷ്യാവകാശ ദിനത്തിൽ വിവിധ അംഗീകൃത സംഘടനകളുമായി സഹകരിച്ച് ജില്ലാ തലത്തിൽ ലഹരി വിരുദ്ധ സെമിനാർ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

**(ഡി)** ഓപ്പറേഷൻ ശുഫാന്റെ ഭാഗമായി കോഴിക്കോട് നഗരത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ഓപ്പറേഷൻ ശുഫാൻ എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയല്ല. പോലീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്.

**സെക്ഷൻ ഓഫീസർ**